(ബി) ഭക്ഷ്യധാന്യങ്ങളുടെ വരവ് കൂടുകയും വിതരണത്തോത് കുറയുകയും ചെയ്യുന്ന സാഹചര്യത്തിൽ ഗോഡൗണുകളുടെ സംഭരണ ശേഷിയെക്കാൾ കൂടുതലായി ഭക്ഷ്യധാന്യം കെട്ടികിടക്കുന്നതിനാലാണ് ഗോതമ്പ് ക്യാപ് സംവിധാനപ്രകാരം സൂക്ഷിക്കേണ്ടിവരുന്നത്.

(സി) സംഭരണശേഷിയിൽ കൂടുതലായിവരുന്ന ഭക്ഷ്യധാന്യങ്ങൾ കേടുപാടുകൾ ഉണ്ടാവാനുള്ള എല്ലാ സാദ്ധ്യതകളും ഒഴിവാക്കി, ശാസ്ത്രീയമായ ഭക്ഷ്യധാന്യസുരക്ഷിത്വ മുൻകരുതലുകൾ കൈക്കൊണ്ടാണ് മൂടിക്കെട്ടിയും ക്യാപ് സംവിധാനത്തിലും സൂക്ഷിച്ചു വരുന്നത് എന്നാണ് എഫ്.സി.ഐ. അറിയിച്ചിട്ടുള്ളത്.

പനത്തടി പഞ്ചായത്തിൽ മാവേലിസ്റ്റോർ

8(1805) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലത്തിൽ പുതുതായി രൂപീകരിച്ച പനത്തടി പഞ്ചായത്തിൽ മാവേലി സ്റ്റോർ നിലവിലില്ലാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) നടപടി പൂർത്തിയാക്കി പനത്തടി പഞ്ചായത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പുതുതായി രൂപീകരിച്ച പനത്തടി പഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിന് അനുയോജ്യമായ കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

മാവേലി മെഡിക്കൽ സ്റ്റോർ

9(1806) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മാവേലി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദീകരിക്കാമോ ;

(ബി) കാഞ്ഞങ്ങാട് ആസ്ഥാനമായി മാവേലി മെഡിക്കൽ സ്റ്റോർ ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly